മായി അത് നടപ്പിലാക്കിവരുകയാണ്. അവിടെ ജോലിയെടുക്കുന്ന അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട പ്രശ്നം ഇതുമായി ബന്ധപ്പെട്ട് വന്നിരിക്കുകയാണ്. പോസ്റ്റ് ഗ്രാഡ്യുവേഷനുള്ള ഹൈസ്കൂൾ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകി പ്ലസ് ടു-വിൽ നിയമിച്ചുവെങ്കിൽപ്പോലും അവരുടെ ഹൈസ്കൂളിലുള്ള സർവ്വീസ് കണക്കിലെടുക്കാത്തതുകൊണ്ട്, അവർക്ക് സാമ്പത്തിക നഷ്ടം വരുന്നു. അവർക്ക് നൽകിയിട്ടുള്ള സ്പെഷ്യൽ അലവൻസ് നിർത്തലാക്കി; മറ്റ് അക്കാഡമിക്കായിട്ടുള്ള സൗകര്യങ്ങൾ ഇല്ലാതാക്കി; പരീക്ഷാ ജോലികൾക്ക് മറ്റ് മേഖലകളിൽ നൽകുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കി. പ്രത്യേക ഫാക്കൾട്ടി രൂപീകരിച്ച് പഠന നിലവാരം മെച്ചപ്പെടുത്തണമെന്നുള്ളത് അവരുടെ ആവശ്യമാണ്. പ്ലസ് ടു അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ ക്ലിപ്തപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ന് കേരളാ ഗവൺമെന്റഡ് ആഫീസേഴ്സ് അസോസിയേഷൻ സെക്രട്ടേറിയറ്റിനു മുമ്പിൽ ധർണ്ണ നടത്തുകയാണ്. ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഹയർ സെക്കണ്ടറിക്കാർക്കായി സ്പെഷ്യൽ റൂൾസ് രൂപീകരിച്ചുവരികയാണ്. സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതോടുകൂടി ഹയർ സെക്കണ്ടറി മേഖലയിലെ മിക്ക പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയും. ആകെയുള്ള ഒഴിവുകളിൽ 25 ശതമാനം ഹയർ സെക്കണ്ടറി അദ്ധ്യാപകരെ നിയമിക്കുമ്പോൾ 25 ശതമാനം ഡിപ്പാർട്ടുമെന്റ് അദ്ധ്യാപകരേയും ബാക്കി 50 ശതമാനം നേരിട്ടും നിയമനം നടത്തണമെന്ന് ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. ഇതിനെതിരെ ഹൈക്കോടതിയിൽ ഏതാനും അദ്ധ്യാപകർ ഫയൽ ചെയ്ത കേസ്സിൽ കോടതി ഗവൺമെന്റിന് അനുകൂലമായി വിധി പ്രസ്താവിക്കുകയുണ്ടായി. ഇതിനെതിരെ സുപ്രീംകോടതിയിൽ കേസ്സ് ഫയൽ ചെയ്തിരിക്കുകയാണ്. ആ കേസ്സിൽ തീരുമാനമായിട്ടില്ല. കോടതിയുടെ തീരുമാനമാകുന്നതുവരെ അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കുകയില്ല. കോടതി തുറക്കുന്ന ദിവസം തന്നെ ഈ കേസ്സ് കോടതി മുമ്പാകെ വരുമെന്നാണ് മനസ്സിലാക്കുന്നത്. കോടതി വിധി വന്നശേഷം മാത്രമേ സ്പെഷ്യൽ റൂൾസിന് അവസാന രൂപം നൽകാൻ കഴിയുകയുള്ളൂ. അദ്ധ്യാപകരെ നേരിട്ടാണോ നിയമിക്കേണ്ടത് അതോ പ്രൊമോഷൻ വഴിയാണോ എന്നുള്ള കാര്യത്തിൽ അവസാന തീരുമാനമായാൽ സ്പെഷ്യൽ റൂൾസിന് അവസാന രൂപം നൽകാൻ കഴിയും. അങ്ങനെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുമ്പോൾ അദ്ധ്യാപകരുടെ ഗ്രേഡ് അതുപോലെ സേവന-വേതന വ്യവസ്ഥകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് ശ്രീ. ടി.കെ. ബാലൻ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ രണ്ട് മൂന്ന് സബ്മിഷൻ മാറ്റിവച്ചത് എടുക്കാമല്ലോ?

ശ്രീ. പി.ജെ. ജോസഫ് : എടുക്കാം.

(7) തൃക്കുന്നപ്പുഴ-വലിയഴീക്കൽ റോഡ് നിർമ്മാണം

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ഈ സഭയിൽ മൂന്നാമത്തെ പ്രാവശ്യമാണ് ഈ സബ്മിഷനുമായി ഞാൻ വരുന്നത്. അറേബ്യൻ കടലിനും കായംകുളം കായലിനും ഇടയിൽ കഴിയുന്ന ഏതാണ്ട് പതിനായിരത്തോളം കുടുംബങ്ങൾ അനുഭവിക്കുന്ന ദുഃഖകരമായ സ്ഥിതി ഈ സഭയുടേയും ഗവൺമെന്റിന്റേയും

LIBRARY ARCHIVES Kerala Legislative Assembly

ദയാദാക്ഷിണ്യത്തിനുവേണ്ടി ഞാനിവിടെ അവതരിപ്പിക്കുകയാണ്. 1984-ൽ തൃക്കുന്നപ്പുഴ-വലിയഴീക്കൽ റോഡ് എം.എൽ.എ. റോഡായി പ്രഖ്യാപിച്ചതാണ്. തൃക്കുന്നപ്പുഴ മുതൽ ആറാട്ടുപുഴ ജംഗ്ഷൻ വരെയുള്ള റോഡ് നേരത്തേ പൂർത്തിയാക്കിയിട്ടുണ്ട്. ആറാട്ടുപുഴ ജംഗ്ഷൻ മുതൽ വലിയഴീക്കൽ ജംഗ്ഷൻ വരെ ഏതാണ്ട് 13 കിലോമീറ്റർ ദൂരം കാൽനടയായി മാത്രമേ സഞ്ചരിക്കാൻ ജനങ്ങൾക്ക് കഴിയുകയുള്ളൂ. അവിടെ ബോട്ട് സർവ്വീസുമില്ല. ഏതാണ്ട് പതിനായിരത്തിൽപ്പരം മൽസ്യത്തൊഴിലാളി കുടുംബങ്ങൾ താമസിക്കുന്ന പ്രദേശമാണ്. നിരവധി നൂലാമാലകൾ ഈ റോഡ് നിർമ്മാണത്തിനുണ്ടായിട്ടുണ്ട്. നിയമസഭാ പരിസ്ഥിതി കമ്മിറ്റി സ്ഥലം സന്ദർശിച്ചിരുന്നു. കടലും കായലുമായിട്ടുള്ള പ്രദേശമെന്നുള്ള നിലയിൽ അവിടെ റോഡ് ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് കമ്മിറ്റിത്തന്നെ റിപ്പോർട്ട് കൊടുത്തു. ആ കമ്മിറ്റി നിരവധി പ്രാവശ്യം പി.ഡബ്ലിയു. ഡി. സെക്രട്ടറിയേയും ഇറിഗേഷൻ, സെക്രട്ടറിയേയും ഫൈനാൻസ് സെക്രട്ടറിയേയും വിളിച്ച് ചർച്ച ചെയ്തു. കഴിഞ്ഞ സപ്ലിമെന്ററി ഡിമാന്റിൽ അതിനാവശ്യമായ പണം വകയിരുത്തി. ഇപ്പോൾ ടെൻഡർ വിളിച്ചപ്പോൾ ടെൻഡറിൽ കടന്നുകൂടിയ ഒരു പിശകുകൊണ്ട് ആ വർക്ക് നടക്കുന്നതിനു മെറ്റീരിയൽസ് കൊണ്ടുവരണമെങ്കിൽ 65 കിലോമീറ്റർ ദൂരെ നിന്ന് കൊണ്ടുവരണം. ആ ടെൻഡറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 26 കിലോമീറ്ററേ വച്ചിട്ടുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ കോട്ട് ചെയ്തപ്പോൾ റേറ്റ് കൂടി. ആ അടിസ്ഥാനത്തിൽ ആദ്യ ടെൻഡർ ക്യാൻസൽചെയ്തു. വീണ്ടും രണ്ടാമത് ക്വട്ടേഷൻ വിളിച്ചു. അത് ടെൻഡർ കമ്മിറ്റിയുടെ പരിഗണനയിലാണ്. അവിടത്തെ ജനങ്ങൾ പ്രക്ഷുബ്ധരായി പഞ്ചായത്താഫീസ് ഒരു ദിവസം പൂട്ടിയിട്ടു. ജനപ്രതിനിധിയെന്നുള്ള നിലയിൽ എന്നോട് ഏറ്റവും സ്നേഹമുള്ള ജനങ്ങൾ ആണെങ്കിൽപ്പോലും, മൂന്നുപ്രാവശ്യം തടഞ്ഞുവച്ചു. എനിക്ക് അവിടെ ചെല്ലാൻ കഴിയാത്തനിലയിൽ അത്രയ്ക്ക് ജനങ്ങൾ പ്രക്ഷുബ്ധരായി നിൽക്കുകയാണ്. ഈ റോഡ് നിർമ്മാണത്തിന് അനുവാദം കിട്ടിയില്ലെങ്കിൽ ഈ സഭയുടെ മുമ്പിൽ ഞാനും ഇരിക്കേണ്ട നിലയാണുള്ളത്. അതുകൊണ്ട് ഞാൻ പൊതുമരാമത്തു വകുപ്പു മന്ത്രിയോട് അപേക്ഷിക്കുന്നത് ആ റോഡിന്റെ ഗൗരവസ്വഭാവം മനസ്സിലാക്കി ഗവൺമെന്റ് ഇക്കാര്യത്തിൽ പരിഗണന കൊടുക്കണമെന്നാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, തൃക്കുന്നപ്പുഴ-വലിയഴീക്കൽ റോഡിന്റെ രണ്ടാം ഘട്ട പണിയാണ് തീരേണ്ടത്. 5.5 മുതൽ 15.7 വരെയുള്ള ഭാഗങ്ങളാണ്. ഇതിന് ഭരണാനുമതി നൽകി ടെൻഡർ വിളിച്ചു. 70% അധിക നിരക്കിൽ ടെൻഡർ കമ്മിറ്റി അംഗീകാരം കൊടുത്തു. റേറ്റ് പോരായെന്നുള്ള നിലയിൽ കോൺട്രാക്ടർ എഗ്രിമെന്റ് വച്ചില്ല. രണ്ടാമത് വീണ്ടും ടെന്റർ വിളിച്ചിരിക്കുകയാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടി ഉണ്ടായതാണ്. ടെൻഡർ വിളിച്ചു. തുക പോരാ എന്നു പറഞ്ഞ് വീണ്ടും ടെൻഡർ കമ്മിറ്റിക്ക് വന്നിരിക്കുകയാണ്. ഈ റോഡിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകണമെന്ന് നിർദ്ദേശം കൊടുക്കാം.

(8) സംസ്ഥാനത്തെ വില്ലേജ് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ

ശ്രീ. കെ. ബാബു : സർ, നമ്മുടെ സംസ്ഥാനത്തെ വില്ലേജ് റോഡ് സ്കീമിൽപ്പെടുത്തി നിർമ്മാണമാരംഭിച്ച് ഭാഗീകമായി പൂർത്തിയാക്കിയിട്ടുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇന്ന് സ്തംഭിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly